No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**പത്രക്കുറിപ്പ്**

**KEAM-2018**

**2018 സെപ്റ്റംബർ 4, 5 തീയതികളിൽ നടത്തിയ എം.ബി.ബി.എസ്/ബി.ഡി.എസ് മോപ്പ്-അപ്പ് കൗൺസലിംഗിൽ ലഭിച്ച അലോട്ട്മെന്റ് റദ്ദായ വിദ്യാർത്ഥികൾക്ക് മുൻപ് പ്രവേശനം നേടിയിരുന്ന കോഴ്സുകളിൽ തിരികെ പ്രവേശിക്കുന്നതിന് അവസരം**

സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുണ്ടായിരുന്ന സീറ്റുകളിലേയ്ക്കും, ബഹു.കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുതായി പ്രവേശനാനുമതി ലഭിച്ച 4 സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കും പ്രവേശനത്തിനായി 2018 സെപ്റ്റംബർ 4, 5 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് ഒരു മോപ്പ്-അപ്പ് കൗൺസലിംഗ് നടത്തിയിരുന്നു. പ്രസ്തുത മോപ്പ്-അപ്പ് കൗൺസലിംഗിൽ എം.ബി.ബി.എസ് & ബിഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകൾ, എഞ്ചിനീയറിംഗ്, ഫാർമസി എന്നിവയിലോ ആർട്സ് & സയൻസ് കോളേജുകളിലോ മറ്റ് കോഴ്സുകളിലോ പ്രവേശനം നേടിയിരുന്ന ഏതാനും വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/ബി.ഡി.എസ് അലോട്ട്മെന്റ് ലഭിച്ചിരുന്നു. എന്നാൽ പുതുതായി 4 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് പ്രവേശനാനുമതി നൽകിക്കൊണ്ടുള്ള ബഹു.ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് 05.09.2018-ന് ബഹു.സുപ്രീം കോടതി ഉത്തരവായതിനെത്തുടർന്ന് പ്രസ്തുത മോപ്പ്-അപ്പ് കൗൺസലിംഗ് നിർത്തിവയ്ക്കുകയും തുടർന്ന് മേൽപ്പറഞ്ഞ 4 മെഡിക്കൽ കോളേജുകളെ ഒഴിവാക്കിക്കൊണ്ട് പുന:ക്രമീകരിച്ച മോപ്പ്-അപ്പ് കൗൺസലിംഗ് സെപ്റ്റംബർ 8, 9 തീയതികളിൽ നടത്തുകയും ചെയ്തിരുന്നു. 4, 5 തീയതികളിൽ നടത്തിയ മോപ്പ്-അപ്പ് കൗൺസലിംഗിൽ എം.ബി.ബി.എസ്/ബി.ഡി.എസ് അലോട്ട്മെന്റ് ലഭിച്ചിരുന്ന പല വിദ്യാർത്ഥികൾക്കും 8, 9 തീയതികളിൽ നടന്ന പുനഃക്രമീകരിച്ച മോപ്പ്-അപ്പ് കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിക്കാത്ത സ്ഥിതിയുണ്ടായിരുന്നു. ഇപ്രകാരം അലോട്ട്മെന്റ് റദ്ദായ വിദ്യാർത്ഥികൾക്ക് അവർ ആഗ്രഹിക്കുന്ന പക്ഷം നേരത്തേ പ്രവേശനം നേടിയിരുന്ന എം.ബി.ബി.എസ് & ബിഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകൾ, എഞ്ചിനീയറിംഗ്, ഫാർമസി, ആർട്സ് & സയൻസ് കോളേജുകൾ, മറ്റു കോഴ്സുകൾ എന്നിവയിൽ തിരികെ പ്രവേശനം നേടുന്നതിന് **2018 സെപ്റ്റംബർ 17 വൈകുന്നേരം 5 മണി വരെ** സമയം ലഭ്യമാണ്. സെപ്റ്റംബർ 17 (തിങ്കളാഴ്ച) വൈകുന്നേരം 5 മണിയ്ക്കു മുമ്പായി മേൽപ്പറഞ്ഞ കോഴ്സുകളിൽ തിരികെ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ ഈ കോഴ്സുകളിലുണ്ടായിരുന്ന അഡ്മിഷൻ റദ്ദായതായി കണക്കാക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2332123, 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
13.09.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**